(ബി) എങ്കിൽ എന്ത് അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഇത്തരത്തിൽ അനുവദിച്ച് നൽകിയ തുകയിൽ കുടിശ്ശികയായി എത്ര രൂപ കാസർഗോഡ് ജില്ലയിൽ നൽകാനുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 1980-ലെ കേരളാ റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്റ്റിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് എന്ന ചട്ടപ്രകാരമാണ് നഷ്ടപരിഹാരം നൽകി വരുന്നത്.

(ബി) വന്യമൃഗങ്ങൾ നശിപ്പിക്കുന്ന കാർഷിക വിളകൾക്ക് നഷ്ടപരിഹാരം നൽകുന്നത് 11-6-2012-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 239/2012/ഡി.എം.ഡി. പ്രകാരമുള്ള വില നിലവാരം അടിസ്ഥാനമാക്കി താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് :

1. കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടത്തിന്റെ 100% (പരമാവധി 75000 രൂപ വരെ) ഓരോ കേസിനും അനുവദിക്കുന്നു.
2. വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം ഒരു വ്യക്തിക്ക് വർഷത്തിൽ പരമാവധി നാല് തവണ നൽകുന്നു.
3. സംഭവം നടന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, സ്ഥലത്തെ അധികാര പരിധിയിലുള്ള റെയിഞ്ച് ഓഫീസർക്ക്/ അസി. വൈൽഡ്‌ലൈഫ് വാർഡന് സമർപ്പിക്കേണ്ടതാണ്.

(സി) കാസർഗോഡ് ജില്ലയിലേക്ക് അനുവദിച്ച 18 ലക്ഷം രൂപയിൽ 8,68,290 രൂപ കാർഷിക വിളകൾക്കുള്ള നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. കുടിശ്ശികയായി 17,00,000 രൂപ (17 ലക്ഷം രൂപ) നൽകാനുണ്ട്.

മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയരുക വഴി വനങ്ങൾക്കും വനവിഭവങ്ങൾക്കും സംഭവിച്ച ദോഷം

301 (2176) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയരുകവഴി വനങ്ങൾക്കും വനവിഭവങ്ങൾക്കും ദോഷം സംഭവിക്കുന്നത് കേന്ദ്ര സർക്കാരിന്റെയും തമിഴ്നാട് സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ പ്രസ്തുത ഗവൺമെന്റുകളുടെ പ്രതികരണം എന്തായിരുന്നു ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയരുകവഴി വനങ്ങൾക്കും വനവിഭവങ്ങൾക്കും ഉണ്ടാകാവുന്ന ദോഷങ്ങൾ ചൂണ്ടിക്കാണിച്ച് ദേശീയ ഹരിത ട്രൈബ്യൂണലിൽ ഹർജി സമർപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഈ വിഷയം കേന്ദ്ര/ തമിഴ്നാട് സർക്കാരുകളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

മുല്ലപ്പെരിയാറിലെ ജലനിരപ്പ് ഉയർത്തുന്നതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

302 (2177) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാറിലെ ജലനിരപ്പ് 136 അടിയിൽ നിന്നും 142 അടിവരെയായി ഉയർത്തുന്നതുമൂലം വെള്ളത്തിനടിയിലാവുന്ന വനഭൂമിയിൽ അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശങ്ങൾ ഉൾപ്പെടുമോ ; ഉണ്ടെങ്കിൽ പ്രസ്തുത പ്രദേശങ്ങളുടെ വിസ്തീർണ്ണം എത്രയുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മുല്ലപ്പെരിയാർ കേസിന്റെ ഏതെങ്കിലും ഘട്ടങ്ങളിൽ വനം വകുപ്പ് കക്ഷിയാവുകയോ വനഭൂമിക്കും പരിസ്ഥിതിക്കും ഉണ്ടാവുന്ന നാശം സുപ്രീം കോടതിയെയോ സർക്കാരിനെയോ അറിയിക്കുകയോ ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(സി) മുല്ലപ്പെരിയാറിൽ ജലനിരപ്പുയരുന്നത് പ്രദേശത്ത് മാത്രം കാണപ്പെടുന്ന ഏതെങ്കിലും സസ്യജാലങ്ങളുടേയോ ജന്തുജാലങ്ങളുടേയോ വംശനാശത്തിനു കാരണമാവും എന്ന് വനം വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) മുല്ലപ്പെരിയാറിൽ ജലനിരപ്പുയരുന്നതുമൂലം വലിയൊരളവ് വനപ്രദേശത്തിനും അവിടുത്തെ സസ്യ-ജന്തു ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥയ്ക്കും ഉണ്ടാവുന്ന ആഘാതത്തെ സംബന്ധിച്ച് വനം വകുപ്പ് പഠനം നടത്തിയിട്ടുണ്ടോയെന്നും ഇതുസംബന്ധിച്ച വസ്തുതകൾ കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉൾപ്പെടും. പ്രസ്തുത പ്രദേശങ്ങളുടെ വിസ്തീർണ്ണം 568 ഹെക്ടർ ആണ്.

(ബി) മുല്ലപ്പെരിയാർ കേസ്സിൽ അസ്സൽ വ്യവഹാരം 3/2006-ൽ കേരള സംസ്ഥാനവും, തമിഴ്നാട് സംസ്ഥാനവും ആണ് കക്ഷികൾ. വനം വകുപ്പ് നേരിട്ട് കക്ഷി ചേർന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly